**April : 10**

# KGBEU OU ബുള്ളറ്റിൻ 47/2023

സഖാക്കളെ,

## വിഷയം: Scale II & III ട്രാൻസ്ഫർ അനോമലി ചർച്ച തുടരും

ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിന്മേൽ മാനേജ്മെന്റുമായി ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി രണ്ട് ജനറൽ മാനേജർമാർ ഉൾപ്പെടുന്ന ടീം മാനേജ്മെന്റിനെ പ്രതിനിധീകരിച്ചും, ജനറൽ സെക്രട്ടറിമാർ സംഘടനയെ പ്രതിനിധീകരിച്ചും ചർച്ചയിൽ പങ്കെടുത്തു. ചെയർമാന്റെ ക്യാബിനിൽ നടന്ന ചർച്ചയിന്മേൽ എടുത്ത തീരുമാന പ്രകാരം പോളിസി വയലേഷൻ നടന്നിട്ടുള്ള ജീവനക്കാർക്ക് ഓട്ടോമാറ്റിക് റിലീവ് ക്യാൻസൽ ചെയ്യുമെന്ന് ഉറപ്പ് ലഭിച്ചിരുന്നു. അതോടൊപ്പം ട്രാൻസ്ഫർ ഗ്രീവൻസുകൾ തുറന്ന മനസ്സോടു കൂടി ചർച്ച ചെയ്യുമെന്നും ഉറപ്പ് തന്നിട്ടുണ്ട്.

നാം ചൂണ്ടിക്കാണിച്ച പോളിസി വയലേഷനുകൾ ആണ് നിലവിൽ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ചർച്ച പൂർത്തിയായിട്ടില്ല. നാളെ രാവിലെ 8:30 ന് വീണ്ടും തുടരും. പോളിസി വയലേഷൻ പൂർത്തിയായാലുടൻ ഗ്രീവൻസുകളും ചർച്ച ചെയ്യും.

Relieving date കഴിഞ്ഞിട്ടും grievance, policy violation എന്നിവ തിരുത്താൻ തയ്യാറാകാത്ത മാനേജ്മെന്റ് നമ്മുടെ വലിയ പോരാട്ടത്തിനൊടുവിലാണ് ചർച്ചയിൽ എത്തിച്ചേർന്നത്. ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ട്രാൻസ്ഫർ ലഭിച്ച നിരവധിയായ ജീവനക്കാർ HR വിംഗിലേക്ക് ഗ്രീവൻസ് അയച്ചിരുന്നു. മുഴുവൻ ജീവനക്കാരുടെയും ഗ്രീവൻസുകൾ പരിഗണിക്കണം എന്നാണ് സംഘടനാ നിലപാട്. ഒറ്റപ്പെട്ട ചില സംഘടനകൾ മാനേജ്മെന്റിന്റെ കയ്യിൽ നിന്നും എറിഞ്ഞ് കിട്ടുന്ന എല്ലിൻ കഷണങ്ങൾ നുണഞ്ഞ് സ്വന്തം അംഗങ്ങളായ ജീവനക്കാരെ വഞ്ചിച്ച് അവരെ ഒറ്റു കൊടുക്കുമ്പോൾ പോരാട്ട വീര്യത്തോടെ മുഴുവൻ ജീവനക്കാരുടെയും നാവായി നാം മാറുകയാണ്. 'തങ്ങളുടെ സംഘടനയിൽ ചേർന്നാൽ സമരം ചെയ്യേണ്ടി വരില്ല ' എന്ന് പറയുന്നവന്മാർ ഈ മാനേജ്മെന്റിന് ശക്തി പകരുമ്പോൾ നാം ജീവനക്കാരുടെ പക്ഷത്ത് നിന്ന് പോരാട്ട ഭൂമിയിൽ ഉറച്ചു നിൽക്കുകയാണ്. നമ്മുടെ സംഘടിത ശക്തിയാണ് ആ പോരാട്ടങ്ങൾക്ക് ഊർജ്ജം പകർന്നു നൽകുന്നത്. അനീതി എവിടെ കണ്ടാലും അചഞ്ചലമായി സംഘടനയുടെ കൂടെ നിൽക്കുന്ന അംഗങ്ങളാണ് നമ്മുടെ സംഘ ശക്തി. ആ ശക്തി കൈവിടാതെ നമുക്ക് മുന്നേറാം.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)